"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടിക വർഗ്ഗ വികസന വകുപ്പ് - അന്യ സംസ്ഥാനത്ത് പഠിക്കുന്ന ട്രാൻസ് ജെൻഡർ വിദ്യാർത്ഥിനിയായ കുമാരി. നിവേദ്യ ആനന്ദിന് ഒരു പ്രത്യേക കേസായി പരിഗണിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പട്ടിക ജാതി പട്ടിക വർഗ്ഗ വികസന(പി.എം) വകുപ്പ്**

സ.ഉ.(കൈ) നം.10/2026/SCSTD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. സ.ഉ.(അച്ചടി)നം.2/2023/പ.ജ.പവ.വിവ തീയതി 09.01.2023.

2 28.09.2025 തീയതിയിലെ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ STDD/2546/2025-C1 നമ്പർ കത്ത് .

3.. കുമാരി .നിവേദ്യആനന്ദ്, തേൻപാവുംമൂട്ടിൽ വീട് , അടിച്ചിപ്പുഴ പി.ഒ, റാന്നി, പത്തനം തിട്ട 18.02.2026 ൽസമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

കോയമ്പത്തൂരിലെ ശ്രീ അഭിരാമി കോളേജ് ഓഫ് അലൈഡ് ഹെൽത്തിൽ 3 വർഷത്തെ ബി.എസ്.സി ഫിസിഷ്യൻ അസിസ്റ്റൻസ് കോഴ്സ് പഠിക്കുന്ന നിവേദ്യ ആനന്ദ് എന്ന പട്ടിക വർഗ്ഗ മലവേടൻ വിഭാഗത്തിലെ ട്രാൻസ് ജെൻഡർ വിദ്യാർത്ഥിനിക്ക് ഹോസ്റ്റലിൽ താമസ സൗകര്യം ലഭിച്ചില്ലായെന്നും വിദ്യാർത്ഥിനിയുടെ വിദ്യാഭ്യാസം മുടങ്ങാതിരിക്കാൻ വാടക വീട്ടിൽ താമസിച്ച് പഠിക്കുന്നതിന് 1, 2 വർഷങ്ങളിലെ ഫീസ്, അനുവദിച്ച് നല്കിയിരുന്നുവെന്നും ആയത് സൂചന ഉത്തരവിലെ മാനദണ്ഡങ്ങളിൽ പറയുന്ന തുകയെക്കാൾ 1,40,000/- (60,000+80000) രൂപ കൂടുതലായി ഭക്ഷണവും താമസ സൗകര്യവും ഇനത്തിൽ വിദ്യാർത്ഥിനിക്ക് അനുവദിച്ച് നല്കേണ്ടതായി വന്നുവെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. മൂന്നാം വർഷത്തെ ട്യൂഷൻഫീസ് എക്സാമിനേഷൻ ഫീസ്, ഫുഡ് & അക്കോമഡേഷൻ ഫീസ് എന്നീ ഇനത്തിൽ 1,78,000/- രൂപയുടെ ക്ലെയിം വിദ്യാർത്ഥിനി സമർപ്പിച്ചിരുന്നു എന്നും എന്നാൽ വിദ്യാർത്ഥിനിക്ക് മൂന്നാം വർഷത്തിൽ അർഹതപ്പെട്ട ട്യൂഷൻ ഫീസ് 60000/- രൂപയും എക്സാമിനിനേഷൻ ഫീസ് 10000/- രൂപയും മെയിന്റനൻസ് ചാർജ് 8200/- (820*10) രൂപയും ആണ് എന്നും 4-ാം വർഷത്തെ ഇന്റേൺഷിപ്പിന് ഫുഡ് & അക്കോമഡേഷൻ ഫീസ് ഇനത്തിൽ അനുവദനീയമായ നിരക്കിൽ അധികരിച്ച് 1,08,000/- രൂപ ആവശ്യമായി വരുമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ

അറിയിച്ചിട്ടുണ്ട്.

കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്രാൻസ്ജെൻഡർ ആയ ടി വിദ്യാർത്ഥിനി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും മറ്റാരും സഹായിക്കാനില്ലാത്തതുമാണെന്നും, പഠനത്തിൽ താല്പര്യമുള്ളതിനാലും പ്രസ്തുത വിദ്യാർത്ഥിനിയെ സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടു വരേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്തമായതിനാലും ടി വിദ്യാർത്ഥിനിയ്ക്ക് താമസം, ഭക്ഷണം എന്നീ ഇനത്തിൽ പഠനകാലത്തെ 1 , 2 വർഷങ്ങളിൽ അധികമായി അനുവദിച്ച 1,40,000/- രൂപയ്ക്ക് സാധൂകരണവും 3, 4 വർഷങ്ങളിൽ അനുവദനീയമായ നിരക്കിനേക്കാൾ അധികമായി യഥാക്രമം 1,78,000/-, 1,08,000/- രൂപ കണക്കാക്കി ആകെ 2,86,000/- രൂപ അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും മൂന്നാം വർഷത്തെ ട്യൂഷൻ ഫീസ് 60,000/-, എക്സാമിനേഷൻ ഫീസ് ഇനത്തിൽ 10,000/- മെയിന്റെനൻസ് ചാർജ് ഇനത്തിൽ 8,200/- എന്നിവയുടെ ക്ലെയിം അടിയന്തിരമായി അനുവദിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്ന് പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി .നിവേദ്യ ആനന്ദ് നേരിടുന്ന സവിശേഷ സാഹചര്യം കണക്കിലെടുത്ത് പ്രത്യേക കേസായി പരിഗണിച്ച്, കുമാരി നിവേദ്യആനന്ദിന് താമസം, ഭക്ഷണം എന്നീ ഇനത്തിൽ പഠനകാലത്തെ 1,2 വർഷങ്ങളിൽ അധികമായി അനുവദിച്ച 1,40,000/- രൂപയ്ക്ക് സാധൂകരണവും 3, 4 വർഷങ്ങളിൽ അനുവദനീയമായ നിരക്കിനേക്കാൾ അധികമായി യഥാക്രമം 1,78,000/-, 1,08,000/- രൂപ കണക്കാക്കി ആകെ 2,86,000/- രൂപ അനുവദിക്കുന്നതിനുള്ള അനുമതിയും മൂന്നാം വർഷത്തെ ട്യൂഷൻ ഫീസ് 60,000/-രൂപ, എക്സാമിനേഷൻ ഫീസ് ഇനത്തിൽ 10,000/-രൂപ മെയിന്റെനൻസ് ചാർജ് ഇനത്തിൽ 8,200/-രൂപ എന്നിവയുടെ ക്ലെയിം അടിയന്തിരമായി അനുവദിക്കുന്നതിനുള്ള അനുമതിയും നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

1. ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
2. കുമാരി.നിവേദ്യ ആനന്ദ്, തേൻപാവുംമൂട്ടിൽ വീട് , അടിച്ചിപ്പുഴ പി.ഒ, റാന്നി
   പത്തനം തിട്ട, പി.ഒ 689 711 .
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ&( E&A), കേരള, തിരുവനന്തപുരം.
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ&( Audit), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ഓഫീസർ , വെബ്& ന്യൂ മീഡിയ , ഐ& പി.ആർ.ഡി.
6. കരുതൽ ഫയൽ

പകർപ്പ് .-1. ബഹു.പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസിന്
2. CMO പോർട്ടൽ (G2250600662 & G3251100421)

ഉത്തരവിൻ പ്രകാരം

Signed by

Chithralekha V V

സെക്ഷൻ ഓഫീസർ

Date: 16-03-2026 10:59:52